

ഓർഹൻ പാമുക്

# പുതുജീവിതം

The New Life

ORHAN PAMUK

ഇസ്താംബുളിലെ യൂണിവേഴ്സിറ്റി വിദ്യാർത്ഥിയായ ഒസ്മാന് ഒരു ദിവസം ഒരു പുസ്തകം ലഭിക്കുന്നു. പുസ്തകത്തിന്റെ ഒറ്റ വായനയിൽത്തന്നെ അവന്റെ ജീവിതം മാറിമറിയുന്നു. പുതുജീതത്തിനായുള്ള പാഠങ്ങൾ ആ പുസ്തകം അവന് സമ്മാനിക്കുന്നു. അതേ പുസ്തകത്തിന്റെ ആരാധകരായ ജാനൻ എന്ന യുവതിയെയും അവളുടെ കാമുകനായ മെഹ്മതിനെയും ഒസ്മാൻ പരിചയപ്പെടുന്നു. മെഹ്മത് ഒരുദിനം പൊടുന്നനേ അപ്രത്യക്ഷനായി. കാമുകനെത്തേടിയുള്ള ജാനന്റെ യാത്രയിൽ അവനും പങ്കാളിയാകുന്നു. സംഭവബഹുലമായ അനുഭവങ്ങളാണ് യാത്രയിൽ അവരെ കാത്തിരുന്നത്. സ്ഥലങ്ങളും കാലങ്ങളും ചുറ്റിക്കറങ്ങുന്ന ചുഴിയിലേക്കാണ് പാമുക് വായനക്കാരനെ കൂട്ടിക്കൊണ്ടു പോകുന്നത്. മാജിക്കൽ റിയലിസത്തിന്റെ പ്രതിഫലനങ്ങൾ തെളിഞ്ഞു കാണുന്ന ഈ നോവൽ തികച്ചും വ്യത്യസ്തമായ വായനാനുഭവമാണ് പകരുന്നത്.

വിവർത്തനം: ജോണി എം. എൽ.

കവർ ഡിസൈൻ: അനിഷ് ഉതിമൂട്

ഡിസിബുക്സ്

www.dcbooks.com

ISBN 978-81-264-4998-9

നോവൽ

₹ 210

ഓർഹൻ പാമുക് • പുതുജീവിതം

dcb

# ഓർഹൻ പാമുക്

# പുതുജീവിതം

The New Life

ORHAN PAMUK



T8M3 ORH/P
CASMTVK
1249

dcb



**ഓർഹൻ പാമുക്**

1952 ജൂൺ 7-ന് ഇന
പത്രപ്രവർത്തനവു
യൂനിവേഴ്സിറ്റിയി
റിസർച്ചറായിരുന്നു.
മക്കളും (*Cevdet Bey a*
നോവലുകളും ഇസ
സ്മരണകളടങ്ങിയ
പ്രസിദ്ധീകരിച്ച ചുവ
ഇന്റർ നാഷണൽ ഇ
ഉൾപ്പെടെ നിരവധി
നാല്പതിലധികം ഭാ
ചെയ്തിട്ടുണ്ട്. 200
നൊബേൽസമ്മാന

ഡീസി ജ
അവ
ജീവി
ആദ്യ


Library TVK
49
/P

T8M3 ORH/P
CASMTVK
1249

College Of Avian Sciences & Management LIBRARY Thiruvazhamkunnu-678 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1249 Call No. 1249

This book should be returned on or before the date last given below.

16-032
12 NOV 2018
19-20
5 MAR 2022

ജോണി എം.എൽ.

1969–ൽ തിരുവനന്തപുരം ജില്ലയിലെ വക്കം എന്ന ഗ്രാമത്തിൽ ജനിച്ചു. ഇംഗ്ലിഷ് സാഹിത്യം, കലാവിമർശനം, ആർട്ട് ക്യൂറേഷൻ എന്നീ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദങ്ങൾ നേടി. പത്രപ്രവർത്തകൻ, കലാവിമർശകൻ, ആർട്ട് ക്യൂറേറ്റർ എന്നീ നിലകളിൽ ഡൽഹിയിൽ പ്രവർത്തിക്കുന്നു. അനേകം കാറ്റലോഗുകളും ലേഖനങ്ങളും ഇംഗ്ലിഷിൽ പ്രസിദ്ധീകരിച്ചു. അനിതാ നായരുടെ *മിസ്ട്രസ്*, പൗലോ കൊയ്‌ലോയുടെ *ഇലവൻ മിനിറ്റ്സ്*, ഫിലിപ് റോത്തിന്റെ *ഐ മാരീഡ് എ കമ്യൂണിസ്റ്റ്* എന്നീ കൃതികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.

LIBRARY

ഓർഹൻ പാമുക്

# പുതുജീവിതം

വിവർത്തനം

**ജോണി എം. എൽ.**

ഡി സി ബുക്സ്

Malayalam Language
Original Turkish Title
Yeni Hayat

English Title
The New Life

Literature/Novel
*by* Orhan Pamuk

Malayalam Title
Puthu Jeevitham

*Translated by* Johny M. L.
Copyright © Iletisim Yayincilik A.S., 1994
All Rights reserved

Rights Reserved
First Published May 2014

publishers
D C Books, Kottayam 686 001
Kerala State, India
Online Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-mail: customercare@dcbooks.com
customercare: 9846133336
e-book version of this title available at www.thewinkstore.com

distributors
D C Books-Current Books

Export Sales D C Press (P) Ltd., Kottayam, Kerala

D C Books Library Cataloguing in Publication Data
Pamuk, Orhan.
Puthu jeevitham/Orhan Pamuk;
Malayalam translation/Johny M. L.
320 p., 21 cm.
ISBN 978-81-264-4998-9.
Malayalam translation of 'The new life' original in Turkish 'Yeni hayat.'
I. Turkish novel. 2. Malayalam translation.
I. Title. II. Title-English. III. Title-Turkish. IV. Johny M.L.
891.353-dc 22.
No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.
ISBN 978-81-264-4998-9

Printed in India
at D C Press (P) Ltd., Kottayam 686 012

D C Books: The First Indian Book Publishing House to get ISO Certification

₹210.00

024/14-15-Sl.No. 13389-dcb 5788-2000-5630-04-14-Spb. 18.1-p ag-r pp-d hm

സ്ക്യൂറിന്...

# ഒന്ന്

“മറ്റാരുംതന്നെ ഇതുപോലൊന്ന് അനുഭവിച്ചിട്ടില്ല. ഒരുപക്ഷേ, ഇതേ കഥകൾ അവർ കേട്ടിരുന്നെങ്കിൽക്കൂടി.”—നൊവാലിസ്

ഒരു ദിവസം ഞാനൊരു പുസ്തകം വായിച്ചു. എന്റെ ജീവിതമാകെ മാറിപ്പോയി. ആദ്യത്തെ പേജ് വായിക്കുമ്പോൾതന്നെ ആ പുസ്തകത്തിന്റെ തീവ്രത എന്നെ വല്ലാതെ ബാധിച്ചു. ഞാൻ പുസ്തകം വായിച്ചുകൊണ്ടിരുന്ന കസേരയിൽനിന്ന് എന്റെ ശരീരം പറിച്ചു വലിച്ചു മാറ്റപ്പെടുന്നതുപോലെ തോന്നി. മേശപ്പുറത്ത് ആ പുസ്തകം ഇരിപ്പുണ്ടായിരുന്നു. എന്റെ ശരീരം എന്നിൽനിന്നു വിഘടിക്കുന്നതായി എനിക്കു തോന്നി. എങ്കിലും, എന്റെ മുഴുവൻ സത്വവും ആ മേശയ്ക്കരികിൽ പാറപോലെ ഉറച്ചിരുന്നു. അപ്പോൾ ആ പുസ്തകം എന്റെ ആത്മാവിൽ മാത്രമല്ല, എന്റെ സ്വത്വബോധത്തിന്റെ ഓരോ കണികയിലും പ്രവർത്തിക്കാൻതുടങ്ങി. ആ പുസ്തകത്തിന്റെ സ്വാധീനശക്തി അത്രയും തീവ്രമായിരുന്നതിനാൽ, ആ പേജുകളിൽനിന്നു പടർന്നിരുന്ന പ്രകാശം എന്റെ മുഖത്തു പ്രതിഫലിക്കാൻ തുടങ്ങി. ആ തീക്ഷ്ണപ്രകാശം എന്റെ ബുദ്ധിയെ സംഭ്രമിപ്പിക്കുകമാത്രമല്ല, അതിനു പ്രഭാമയമായ തെളിച്ചം കൂടി പകർന്നുനല്കി. എന്നെ എനിക്കുതന്നെ പുനഃസൃഷ്ടിക്കാൻ കഴിയുമായിരുന്ന തരത്തിലുള്ള പ്രകാശമായിരുന്നു അത്. എനിക്ക് ഇനിയും അറിയേണ്ടിയിരിക്കുന്ന, പുല്കേണ്ടിയിരിക്കുന്ന ഒരു അസ്തിത്വത്തിന്റെ നിഴലുകൾ ആ പ്രകാശത്തിൽ ഉണ്ടെന്ന് എനിക്ക് അറിയാൻ കഴിഞ്ഞു. ഞാൻ ആ പുസ്തകത്തിന്റെ താളുകൾ മറിച്ചുകൊണ്ട് ആ മേശയ്ക്കരികിൽതന്നെ ഇരുന്നു. ഞാനതു വായിക്കുകയായിരുന്നു എന്ന കാര്യം എന്റെ മനസ്സിന് അല്പംപോലും അറിയുമായിരുന്നില്ല. ഓരോ പുതിയ താളിലും ഓരോ പുതിയ വാക്ക് വായിക്കുമ്പോഴും എന്റെ ജീവിതം മാറിക്കൊണ്ടിരിക്കുകയായിരുന്നു. എന്റെ മേൽ വന്നു വീഴാൻപോകുന്ന എല്ലാ മാറ്റങ്ങളെയും സ്വീകരിക്കാൻ ഞാൻ തയ്യാറെടുത്തിട്ടുണ്ടായിരുന്നില്ല. നിസ്സഹായനായി, അല്പസമയത്തിനുശേഷം, ആ താളുകളിൽനിന്നു പുറപ്പെട്ടിരുന്ന ശക്തിയിൽനിന്ന് എന്നെ രക്ഷിക്കാനെന്നോണം, സ്വാഭാവികമായി ഞാൻ എന്റെ മുഖം ആ പുസ്തകത്തിൽനിന്ന് മാറ്റി. എനിക്കു ചുറ്റുമുള്ള ലോകം ആകപ്പാടെ മാറിമറിയുന്നത് ഭയത്തോടെയാണ് ഞാൻ നോക്കിനിന്നത്. മുമ്പൊരിക്കലും അനുഭവിക്കാതിരുന്ന തരത്തിലുള്ള ഏകാന്തത